## കേരള സർക്കാർ
## ജലവിഭവ വകുപ്പ് (ചെറുകിട ജലസേചന ഉപവിഭാഗം)
## (ദർഘാസ് പരസ്യം)

നമ്പർ.ഡി1-155/15.

തീയതി: 06/02/2018

കേരള ഗവർണ്ണർക്ക വേണ്ടി പരപ്പനങ്ങാടി ചെറുകിട ജലസേചന ഉപവിഭാഗം അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ താഴെ ചേർത്തിരിക്കുന്ന പ്രവൃത്തിക്ക് നിർദ്ദിഷ്ട യോഗ്യതയുള്ള അംഗീകൃത കരാറുകാരിൽനിന്നും മുദ്ര വെച്ചതും പ്രവൃത്തിയുടെ പേരും നമ്പരും ആലേഖനം ചെയ്തിട്ടുള്ളതുമായ കവറുകളിൽ മത്സരാടിസ്ഥാനത്തിലുള്ള ദർഘാസുകൾ ക്ഷണിച്ചുകൊള്ളുന്നു. ദർഘാസുകൾ ദർഘാസ് ദിവസം 3.00 മണി വരെ സ്വീകരിക്കുന്നതും അന്നേ ദിവസം 3.30 മണിക്ക് തത്സമയം ഹാജരുള്ള കരാറുകാരുടെ സാന്നിദ്ധ്യത്തിൽ അസി.എക്സിക്യൂട്ടീവ് എഞ്ചിനീയറോ അദ്ദേഹം അധികാരപ്പെടുത്തുന്ന മറ്റ് ഉദ്യോഗസ്ഥരോ ദർഘാസുകൾ തുറക്കുന്നതുമായിരിക്കും. പ്രസ്തുത ദിവസം സർക്കാർ അവധി പ്രഖ്യാപിക്കുകയാണെങ്കിൽ അതിനു തൊട്ടു പിന്നീടുള്ള ദിവസം ടി സമയത്ത് ദർഘാസുകൾ തുറക്കുന്നതാണ്. ദർഘാസുകൾ രജിസ്റ്റേഡ് തപാൽ, സ്പീഡ് പോസ്റ്റ് എന്നിവ വഴി മാത്രമേ സ്വീകരിക്കുകയുള്ളൂ. കൊറിയർ സർവീസ് വഴി അയക്കുന്നതോ, നേരിട്ട് നൽകുന്നതോ ആയ ദർഘാസുകൾ സ്വീകരിക്കുന്നതല്ല. തപാൽ തകരാറുമൂലമോ മറ്റോ കാലതാമസം വന്നാൽ ഡിപ്പാർട്ടുമെൻറ് യാതൊരു ഉത്തരവാദിത്വവും ഏറ്റെടുക്കുന്നതല്ല. ദർഘാസിന്റ് കാലാവധി അത് സ്വീകരിക്കുന്ന തിയതി മുതൽ രണ്ടു മാസം വരെ ആയിരിക്കും.

| ക്രമനമ്പർ | ദർഘാസ് നമ്പർ | പ്രവൃത്തിയുടെ പേര് | അടങ്കൽ തുക (രൂപ) | നിരതദ്രവ്യം (രൂപ ) | ദർഘാസ് പ്രമാണത്തിന്റ് വില | കരാറുകാരന്റെ യോഗ്യത | ദർഘാസ് സ്വീകരിക്കുന്ന അവസാന തീയ്യതി | പ്രവർത്തി തീർക്കേണ്ട കാലാവധി |
|---|---|---|---|---|---|---|---|---|
| 1 | 15/2017-18 | കുളങ്ങളുടെ നവീകരണം-മലപ്പുറം ജില്ലയിൽ മൂന്നിയൂർ പഞ്ചായത്തിലെ ശങ്കരൻ കുളത്തിന്റെ അറ്റകുറ്റ പ്രവൃത്തികൾ | 2,20,000/- | 5500/- | 500/- + ജീഎസ്ടി | പുതുക്കിയ ഇറിഗേഷൻ"ഡീ"യും അതിനു മുകളിലും | 17/02/2018 | 3 മാസം |
| 2 | 16/2017-18 | കുളങ്ങളുടെ നവീകരണം- പെരുവള്ളൂർ പഞ്ചായത്തിലെ പള്ളിയാളി കുളത്തിന്റെ അറ്റകുറ്റ പ്രവൃത്തികൾ | 65,000/- | 1700/- | 500/- + ജീഎസ്ടി | പുതുക്കിയ ഇറിഗേഷൻ"ഡീ"യും അതിനു മുകളിലും | 17/02/2018 | 3 മാസം |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 3 | 17/2017-18 | കുളങ്ങളുടെ നവീകരണം- മലപ്പുറം ജില്ലയിൽ പെരുവള്ളൂർ പഞ്ചായത്തിലെ മഞ്ഞത്തൊടി കുളത്തിന്റെ അറ്റകുറ്റ പ്രവൃത്തികൾ | 86,000/- | 2200/- | 500/- + ജിഎസ്ടി | പുതുക്കിയ ഇറിഗേഷൻ"ഡി"യും അതിനു മുകളിലും | 17/02/2018 | 3 മാസം |

ദർഘാസ് ഫോറത്തിന്റെവിൽപ്പന : താഴെ ഒപ്പിട്ടിരിക്കുന്ന ഓഫീസിൽ നിന്നും 12/02/2018 മുതൽ 15/02/2018 ഉച്ചക്ക് 1 മണി വരെ

ദർഘാസ് തീയ്യതി : 17/02/2018

ദർഘാസ് സ്വീകരിക്കൽ : ടെണ്ടർ ദിവസം 3 മണി വരെ

ദർഘാസ് തുറക്കൽ : ടെണ്ടർ ദിവസം 3.30 മണിക്ക്.

ദർഘാസ് പ്രമാണങ്ങളും മറ്റു വിവരങ്ങളും അസി.എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയത്തിൽ നിന്നും നിശ്ചിത സമയത്തിനു മുമ്പായി ദർഘാസ് ഫോറത്തിന്റെ വില റൊക്കം പണമായി അടച്ച് രേഖാമൂലം അപേക്ഷിച്ചാൽ ലഭിക്കുന്നതാണ്. ദർഘാസ് പ്രമാണത്തിനുവേണ്ടി അടക്കുന്ന തുക യാതൊരു കാരണവശാലും തിരികെ ലഭിക്കുന്നതല്ല. ദർഘാസ് പ്രമാണത്തിന്റെ ഏകദേശ വിലയാണ് മുകളിൽ കൊടുത്തിരിക്കുന്നത്. അപേക്ഷ സമർപ്പിക്കുമ്പോൾ യഥാർത്ഥ വില എത്രയെന്ന് ഓഫീസിൽ അന്വേഷിക്കേണ്ടതും ആയത് ദർഘാസ് പ്രമാണത്തിനായി ഒടുക്കേണ്ടതുമാണ്. ദർഘാസിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്ന കരാറുകാർ ( ലേബർ കോൺ ട്രാക്ട് സൊസൈറ്റി ഉൾപ്പെടെ ) അവരുടെ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിന്റെ ഒറിജിനൽ സഹിതം നേരിട്ട് ഹാജരാകേണ്ടതാണ്. ലേബർ കോൺ ട്രാക്ട് സൊസൈറ്റികൾ അവർ ഏറ്റെടുത്തിട്ടുള്ള പ്രവൃത്തികളുടെ ആകെ അടങ്കൽ തുകയുടെ സർട്ടിഫിക്കറ്റ് അതാത് രജിസ്ട്രാറിൽ നിന്നും വാങ്ങി ദർഘാസ് ഫോറത്തിനുള്ള അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതാണ്.

ദർഘാസ് പ്രമാണങ്ങൾ അംഗീകൃത കരാറുകാർക്ക് മാത്രം ലഭിക്കുന്നതും ഇവ കൈമാറ്റം ചെയ്യാൻ പാടില്ലാത്തതുമാണ്. ദർഘാസ് ദിവസം നിശ്ചിത സമയം വരെ ദർഘാസുകൾ സ്വീകരിക്കുന്നതാണ്. നിരതദ്രവ്യം പണമായി സ്വീകരിക്കുന്നതല്ല. അസി.എക്സിക്യൂട്ടീവ് എഞ്ചിനീയറെ അധികാരപ്പെടുത്തിയതും ആവശ്യമായ സ്റ്റാമ്പ് പതിച്ചതുമായ നിരത ദ്രവ്യം ദർഘാസിനോടൊപ്പം സമർപ്പിക്കേണ്ടതാണ് ദർഘാസിനൊപ്പം 200 ( ഇരുന്നൂറ് ) രൂപയുടെ മുദ്ര പത്രത്തിൽ ശരിയായ വിധത്തിലുള്ള പ്രാഥമിക ഉടമ്പടി ടി.ആർ 5 രസീതിയോ അതിന്റ് പകർപ്പോ എന്നിവ വെക്കാത്ത ദർഘാസുകളും കവറിന്റ് പുറത്ത് പ്രവൃത്തിയുടെ പേരും നമ്പറുംഎഴുതാത്ത ദർഘാസുകളും നിരസിക്കുന്നതാണ്.സർക്കാർ ഉത്തരവ്നമ്പർ(സാധ) 582/2012/ഡബ്ളിയു.ആർഡി/തിരുവനന്തപുരം/തീയ്യതി 16/05/2012 ൽ നിർദ്ദേശിച്ച പ്രകാരം കോർ ബാങ്കിംഗ് സംവിധാനമുള്ള ബാങ്കിലെ കരാറുകാരന്റ് അക്കൗണ്ട് നമ്പരും ഐ.എഫ്.എസ്. കോഡും ദർഘാസിനോടൊപ്പം സമർപ്പിക്കേണ്ടതാണ്. അല്ലാത്ത പക്ഷം ദർഘാസുകൾ നിരസിക്കുന്നതാണ്.

ദർഘാസുകൾ സംബന്ധിച്ച ജലവിഭവ വകുപ്പിൽ നിലവിലുള്ള എല്ലാ ചട്ടങ്ങളും നിബന്ധനകളും ഈ ദർഘാസിനും ബാധകമായിരിക്കും കൂടുതൽ വിവരങ്ങൾക്ക് പ്രവൃത്തി ദിവസങ്ങളിൽ ഈ ഓഫീസിൽ അന്വേഷിക്കാവുന്നതാണ്.

ചെറുകിട ജലസേചന ഉപവിഭാഗം
അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയം, പരപ്പനങ്ങാടി
06/02/2018.

Office of the Asst. Executive Engineer * Minor Irrigation Sub Division * Parappanangadi 676 303

(പി.ശിവശങ്കരൻ)
അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ
ബഹു. കേരള ഗവർണർക്കു വേണ്ടി